LIBRARY ARCHIVES Kerala Legislative Assembly

ഭാഗം ആറ്

## സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങൾ

**പൊതുവിദ്യാഭ്യാസം**

97. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് പ്രത്യേക ഊന്നലാണ് നൽകിയിട്ടുള്ളത്. പൊതുവിദ്യാഭ്യാസത്തിനുള്ള അടങ്കൽ 56 കോടിയിൽനിന്ന് 101 കോടി രൂപയായി ഉയർത്തുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 35 ശതമാനവും സംസ്ഥാന സർക്കാരിന്റെ 5 ശതമാനം വിഹിതവുമടക്കം സർവ്വശിക്ഷാ അഭിയാൻ വഴി 220 കോടി രൂപ പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ ചെലവഴിക്കും.

98. കേരളത്തിലെ 3055 ഹൈസ്കൂൾ-ഹയർ സെക്കണ്ടറി സ്കൂളുകൾ കൂടി കമ്പ്യൂട്ടർ വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തുന്നു. സംസ്ഥാന സർക്കാരിന്റെ നാലിലൊന്ന് വിഹിതമടക്കം 54.28 കോടി രൂപ നടപ്പുവർഷം ചെലവഴിക്കുന്നതാണ്. ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലബോറട്ടറികളും ലൈബ്രറികളും വർക്ഷോപ്പുകളും സജ്ജീകരിക്കുന്നതിന് 32 കോടി രൂപ വകയിരുത്തുന്നു.

99. സർ, കേരളത്തിലെ സർക്കാർ സ്കൂളുകളിലെ ഷിഫ്റ്റ് സമ്പ്രദായം അവസാനിപ്പിക്കുകയാണ്. 220 സർക്കാർ സ്കൂളുകളിലാണ് ഷിഫ്റ്റ് സമ്പ്രദായം നിലവിലുള്ളത്. ഇവിടെയെല്ലാം ആവശ്യമായ പുതിയ കെട്ടിടങ്ങൾ പണിയുകയും പുനർവിന്യാസത്തിലൂടെ ആവശ്യമായ അധ്യാപകരെ കണ്ടെത്തുകയും ചെയ്യും.

100. സ്കൂൾ തലത്തിൽ അധിക ഡിവിഷൻ അനുവദിക്കുന്നതിന് മുൻസർക്കാർ ഏർപ്പെടുത്തിയിരുന്ന നിരോധനം എടുത്തുകളയുകയാണ്. എയ്ഡഡ് സ്കൂളുകളിൽ അധികമായി ആവശ്യം വരുന്ന അധ്യാപക തസ്തികകൾ 1:1 എന്ന അനുപാതത്തിൽ പ്രൊട്ടക്ടഡ് അധ്യാപകരുടെ പുനർവിന്യാസവും പുതിയ നിയമനങ്ങളുംവഴി നികത്തുന്നതാണ്. ജില്ലയെ ഒരു ഗ്രൂപ്പായെടുത്തായിരിക്കും പുനർവിന്യാസം നടത്തുക. പുതുതായി തസ്തിക സൃഷ്ടിക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുവാദം ആവശ്യമാണെന്ന നിബന്ധന തുടരുന്നതാണ്. ഇതു സംബന്ധിച്ച വിശദമായ ഉത്തരവ് സർക്കാർ പുറപ്പെടുവിക്കുന്നതാണ്.

101. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതവും എം. എൽ. എ.-മാരുടെ പ്രാദേശിക വികസനഫണ്ടും ഉദാരമതികളുടെ സഹായങ്ങളും സമാഹരിച്ച് സ്കൂളുകളിൽ ഉച്ചയൂണ് നൽകുന്നതിനുള്ള പദ്ധതി ഏറ്റവും ആകർഷകവും ഫലപ്രദവുമായി നടപ്പാക്കുന്ന പല പ്രദേശങ്ങളും ഉണ്ട്. ഇത് വ്യാപിപ്പിക്കുന്നതിനായി 10 കോടി രൂപ വകയിരുത്തുന്നു.

102. സ്കൂളുകളിൽ ഉച്ചഭക്ഷണം പാചകം ചെയ്യുന്നവരുടെ മിനിമം വേതനം 100 രൂപയായി ഉയർത്തുന്നു. ഈ സർക്കാരിന്റെ വിദ്യാഭ്യാസ നയത്തിന്റെ പ്രധാനപ്പെട്ട ഘടകം മെറിറ്റ്-കം-മീൻസ് സ്കോളർഷിപ്പുകൾക്ക് നൽകിയിട്ടുള്ള ഊന്നലാണ്. ഹൈസ്കൂൾ, ഹയർസെക്കണ്ടറി, കോളേജ് വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പിനായി 32 കോടി രൂപയാണ് ചെലവഴിക്കുന്നത്. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പുകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

103. വളരെ പിന്നോക്കം നിൽക്കുന്ന സ്കൂളുകൾക്കുള്ള പദ്ധതി ഈ വർഷവും തുടരുന്നതാണ്. വിദ്യാഭ്യാസ പരീക്ഷണങ്ങൾക്ക് നൽകുന്ന പിന്തുണയെന്ന നിലയിൽ കോഴിക്കോട് നഗരത്തിലെ പ്രിസം പ്രോജക്ട്, ആലപ്പുഴയിലെ കോസ്റ്റൽ എഡ്യൂക്കേഷണൽ സൊസൈറ്റിയുടെ തീരദേശ ഇലക്ട്രോണിക് വിദൂര വിദ്യാഭ്യാസ പരിപാടി, കൊടകരയിലെ ഓട്ടിസം പാർക്ക്, ഒറ്റപ്പാലം ബധിര-മൂക വിദ്യാലയം, കുണ്ടറയിലെ 'പുലരി' പ്രോജക്ട്, എന്നിവയ്ക്ക് ഒറ്റത്തവണ പിന്തുണയായി 20 ലക്ഷം രൂപ വീതം അനുവദിക്കുന്നു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന് തളിർ വായന സ്കോളർഷിപ്പിനായി 25 ലക്ഷം രൂപ വകയിരുത്തുന്നു.

**ഉന്നത വിദ്യാഭ്യാസം**

104. കേരളത്തിലെ സർവകലാശാലകളിൽ ഉന്നതവിദ്യാഭ്യാസത്തിനു വേണ്ടത്ര മുതൽമുടക്ക് നടത്തുന്നില്ല എന്നുള്ളത് നമ്മുടെ വിജ്ഞാനസമൂഹമായി കേരളം വളരുന്നതിന് ഏറ്റവും വലിയ പ്രതിബന്ധമാണ്. ശമ്പളത്തിനും മറ്റു ദൈനംദിന ചെലവുകൾക്കും ഇന്ന് നൽകുന്നതിനേക്കാൾ കൂടുതൽ പണം ആവശ്യമാണെന്ന ബോധ്യം സർക്കാരിനുണ്ട്. 2008-09-ൽ കേരളത്തിലെ ഏഴ് സർവകലാശാലകൾക്കുംകൂടി 228 കോടി രൂപയാണ് പദ്ധതിയേതര ചെലവിനായി നൽകിയത്. 2009-10-ൽ ഇത് 273 കോടി രൂപയായി ഉയർത്തുന്നു. കാർഷിക സർവകലാശാലയ്ക്കും കണ്ണൂർ സർവകലാശാലയ്ക്കും 30 ശതമാനം വീതം വർദ്ധനയും മറ്റു സർവകലാശാലകൾക്ക് 15 ശതമാനം വർദ്ധനയുമാണ് വരുത്തുന്നത്. സർവകലാശാലകൾ നടത്തുന്ന തനതു അധിക വിഭവ സമാഹരണത്തിന് തുല്യമായ തുക ഗ്രാന്റായി നൽകുമെന്ന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. എന്നാൽ ആരും ഈ പ്രത്യേക ഗ്രാന്റിനായി ബന്ധപ്പെട്ടിട്ടില്ല. അടുത്ത വർഷത്തെ പദ്ധതിയേതര ഗ്രാന്റ് കണക്കാക്കുന്നതിന് ഇത് ഒരു മുഖ്യ ഘടകമായിരിക്കും എന്ന് ഞാൻ വ്യക്തമാക്കുകയാണ്.

105. സർവകലാശാലകളുടെ ഇന്നത്തെ ധനപ്രതിസന്ധിയെക്കുറിച്ച് പഠിക്കുന്നതിന് മുൻ ചീഫ് സെക്രട്ടറി ശ്രീ. കെ. വി. രബീന്ദ്രൻ നായർ അദ്ധ്യക്ഷനായി ഒരു കമ്മിറ്റിയെ ധനകാര്യവകുപ്പ് നിയോഗിക്കുന്നതാണ്. സർവകലാശാലകളിൽ ധനപരിഷ്ക്കരണത്തിന് സമയബന്ധിതമായി ഒരു പരിപാടി തയ്യാറാക്കി ആവിഷ്ക്കരിച്ചു നടപ്പാക്കുന്നതാണ്.

106. സർവകലാശാലകളുടെ മൊത്തം പദ്ധതി അടങ്കൽ 61 കോടിയിൽനിന്ന് 70 കോടിയായി ഉയർത്തുന്നു. ഇതിനുപുറമേ, മഹാത്മാഗാന്ധി സർവകലാശാലയിൽ സെന്റർ ഫോർ എൻവയോൺമെന്റ് സ്റ്റഡീസ് ആന്റ് സസ്റ്റൈനബിൾ ഡെവലപ്പ്മെന്റ്, കൊച്ചി സർവകലാശാലയിൽ സെന്റർ ഫോർ നാനോ മെറ്റീരിയൽസ് ആന്റ് ഡിവൈസസ്, കേരള സർവകലാശാലയിൽ സെന്റർ ഫോർ ബയോ ഇൻഫോമാറ്റിക്സ് എന്നിവ അന്തർസർവകലാശാല വിദ്യാകേന്ദ്രങ്ങളായി വികസിപ്പിക്കുന്നതിന് 10 കോടി രൂപയും കൊച്ചി സർവകലാശാല നിയമവിഭാഗത്തിലെ സെന്റർ ഫോർ ഇന്റലക്ച്വൽ പ്രോപ്പർട്ടി റൈറ്റ്സ് സ്റ്റഡീസിന് 3 കോടി രൂപയും വകയിരുത്തുന്നു. കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിൽ സെന്റർ ഫോർ എഞ്ചിനീയറിംഗ് റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് സ്ഥാപിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

Fund would be basically utilised for the renovation and maintenance of public offices and government hospitals, schools and colleges etc. The Fund would be managed by a Committee headed by the Finance Secretary, Hostels, Medical College Hospitals and Government College buildings etc will be accorded priority in 2009-10.

## PART – VI

## Social Infrastructure

**General Education**

97. This budget gives particular stress for upgrading the quality of education. The allocation for general education is increased from Rs. 56 crore to Rs. 101 crore. For primary education Rs. 220 crore would be spent through the Sarvasiksha Abhiyan including the 35% share of Local Governments.

98. Computerisation of the 3055 High Schools and Higher Secondary Schools is included in the Plan. Rs. 54.28 crore would be spent on this during the year including the State share (¼) Rs. 32 crore is set apart for laboratories, libraries and workshops in the higher secondary and vocational higher secondary schools.

99. Sir, we are bringing the shift system in government schools to an end. This system now exists in 220 schools. In all these institutions new buildings would be constructed and the required teachers identified through redeployment.

100. The ban imposed by the previous government on starting new divisions in schools is lifted. The additional requirement of teachers in aided schools would be met from protected teachers and new recruities in the ratio 1 : 1. The district will be the unit for deployment of surplus teachers and protected teachers. However the stipulation that prior permission of government is required for creation of new posts would continue. Detailed government order will be issued later.

LIBRARY ARCHIVES Kerala Legislative Assembly

101. In several places the noon-meal scheme in schools is implemented in an attractive and effective manner by pooling the resources of local governments, the local area fund of MLAs and contribution from philantropists. This system would be expanded to cover all schools for which Rs. 10 crore is allocated.

102. The minimum wage of those who prepare noon-meals in school is enhanced to Rs. 100. An important feature of the educational policy of this government is the prominence given to merit-cum-means scholarships. Rs. 32 crore would be spent on this covering high schools higher secondary schools and college students. The scholarships given to students belonging to SC/ST and backward communities would be over and above this.

103. The Scheme for the most backward schools would continue this year also. As an incentive for innovative experiments in education Rs. 20 lakh each would be granted to the PRISM Project in Kozhikode city to the coastal electronic distance education project of the coastal Education Society in Alappuzha, Autism Park in Kodakara, Deaf and Dump schools in Ottappalam and the Pulari project in Kundara. A provision of 25 lakhs is allotted to the Bala Sahitya Institute for establishing 'Talir Scholarship' for promoting reading.

**Higher Education**

104. The fact that Universities in Kerala are not able to invest significantly in higher education is affecting the growth of Kerala as an educated society. Government is aware that Universities require more funds for salaries and other day to day expenses than what is provided now. During 2008-09 the seven Universities were together given a non-plan grant of Rs. 228 crore. This is now enhanced to Rs. 273 crore with the Agriculture University and Kannur University each getting a 30% increase and others a 15% increase. During the last budget I had announced that Government would provide a matching grant for the